# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3393 | 18/02/2013 - ലെ മറുപടിയ്ക്ക്

## കാർഷിക കർമ്മ സേനകളുടെ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കർഷകർ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ദൗർലഭ്യം. ഇതു മൂലം കൃഷിയിടങ്ങളിൽ ചെയ്യേണ്ട പ്രവൃത്തികൾ യഥാസമയം നിർവ്വഹിക്കാൻ കർഷകർക്ക് കഴിയാതെ വരുന്നു. കൃഷിപ്പണിയ്ക്ക് തൊഴിലാളികളെ കിട്ടാത്തത് ഉൽപ്പാദനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സ്ഥിതിക്ക് ഒരു സമൂലമാറ്റം ആവശ്യമാണ്. ആയതിനു വേണ്ടി കൃഷിഭവൻ മുഖേന കർമ്മസേന രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കാർഷിക കർമ്മ സേനയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കർഷകർ നേരിടുന്ന കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് കർമ്മസേന രൂപീകരിക്കപ്പെടുന്നത്. അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കർഷക തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും കാർഷിക വികസന സമിതി അംഗങ്ങളുടെയും കുടുംബശ്രീ അംഗങ്ങളുടെയും സംയുക്ത യോഗം എല്ലാ കൃഷി ആഫീസർമാരും വിളിച്ച് |

| | | | |
|---|---|---|---|
| | | | ചേർത്ത് തൊഴിൽ സേന രൂപീകരിക്കുന്നു. ഒരു ജനപ്രതിനിധി, കൃഷി ഓഫീസർ, കർഷക സംഘടന, കർഷക തൊഴിലാളി സംഘടന എന്നിവയുടെ ഓരോ പ്രതിനിധിയും സമിതി അംഗങ്ങളായിരിക്കും. ഇവർക്ക് ആവശ്യമായ വിദഗ്ധ പരിശീലനം നൽകി കർഷകരുടെ കൃഷിയിടങ്ങളിൽ കൃഷിപ്പണികൾ നടപ്പിലാക്കുന്നു. |
| **(സി)** | കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കാർഷിക കർമ്മ സേനയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | **(സി)** | നടീൽ മുതൽ വിളവെടുപ്പ്, സംസ്ക്കരണം വരെയുള്ള കൃഷിപ്പണികൾ, തെങ്ങ്കയറ്റം, ജൈവവളം, കീടനാശിനി പ്രയോഗം, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ എന്നിവയ്ക്കും കർമ്മസേന അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം. കർമ്മസേനയിലെ അംഗങ്ങളുടെ കൂലി, ജോലിസമയം എന്നിവ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള സമിതി നിശ്ചയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾ കർമ്മസേനയ്ക്ക് ആവശ്യമായ പ്രോൽസാഹനം നൽകും. |
| **(ഡി)** | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവയുടെ പ്രവർത്തനം നടപ്പാക്കാനുദ്ദേശിക്കുന്നത് ? | **(ഡി)** | ഗ്രാമപഞ്ചായത്ത്, കൃഷി ഭവൻ, ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്ന ആഗ്രോ സർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് കർമ്മസേന പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ